പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1184 **12.07.2016-ൽ** മറുപടിക്ക്

## കെ റ്റി ഡി എഫ് സി യിൽ നിന്നും കെ എസ് ആർ ടി സി എടുത്ത വായ്പ

**ചോദ്യം** — ശ്രീ. പി.ടി. തോമസ്

**ഉത്തരം** — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ റ്റി ഡി എഫ് സി രൂപീകൃതമായ ശേഷം നാളിതുവരെ എത്ര കോടി രൂപ കെ എസ് ആർ ടി സി വായ്പ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കെ.റ്റി.ഡി.എഫ്.സി. രൂപീകൃതമായ ശേഷം നാളിതുവരെ 4264.04 കോടി രൂപ കെ.എസ്.ആർ.ടി.സി വായ്പ എടുത്തിട്ടുണ്ട്. |
| (ബി) | എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തിട്ടുള്ളതെന്നും ഇതിൽ പലിശയിനത്തിലും മുതൽ ഇനത്തിലും എത്ര രൂപ ഇതു വരെ തിരിച്ചടച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | 7.75% മുതൽ 16.25% വരെയുള്ള വിവിധ പലിശ നിരക്കുകളിലാണ് വായ്പകൾ ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ മുതലിനത്തിൽ 3637.62 കോടി രൂപയും പലിശയിനത്തിൽ 1120.54 കോടി രൂപയും തിരിച്ചടച്ചിട്ടുണ്ട്. |
| (സി) | കെ റ്റി ഡി എഫ് സി യുടെ കണക്കു പ്രകാരം ഇനി എത്ര രൂപ കെ എസ് ആർ ടി സി തിരികെ അടയ്ക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | നിലവിലെ കണക്കനുസരിച്ച് മുതലിനത്തിൽ 626.42 കോടി രൂപ തിരികെ അടയ്ക്കുവാനുണ്ട്. ലോൺ അക്കൗണ്ട് റീവർക്ക് ചെയ്തതിന് ശേഷം മാത്രമേ എഗ്രിമെന്റ് അനുസരിച്ചും കോസ്റ്റ് ഓഫ് ഫണ്ടിനെ അടിസ്ഥാനമാക്കിയും എത്ര തുക ഇനി തിരിച്ചടക്കാനുണ്ടെന്ന് ക്രമപ്പെടുത്താൻ കഴിയൂ. |
| (ഡി) | കെ എസ് ആർ ടി സി തിരികെ അടച്ച തുക കൂടുതലാണെന്ന് അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുണ്ടോ; | (ഡി) യും (ഇ) യും | പലിശയിനത്തിൽ തിരിച്ചടച്ച തുക കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം കെ.റ്റി.ഡി.എഫ്.സി, കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഈടാക്കുന്ന പലിശ കോസ്റ്റ് ഓഫ് ഫണ്ട്സിനൊപ്പം 0.50% ലാഭം കൂട്ടിച്ചേർത്ത നിരക്കിൽ മാത്രമേ നിശ്ചയിക്കാവൂ എന്ന് |
| (ഇ) | എങ്കിൽ കൂടുതലടച്ച തുക തിരികെ ഈടാക്കുന്നതിന് ഇതു വരെ എന്തെല്ലാം നടപടികളാണ് കെ എസ് | | |

| | | | |
|---|---|---|---|
| | ആർ ടി സി സ്വീകരിച്ചതെന്ന് വ്യക്ത മാക്കാമോ? | | വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കെ.റ്റി.ഡി.എഫ്.സി കൂടുതൽ നിരക്കിലാണ് പലിശ ഈടാക്കുന്നതെന്നാണ് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ